# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ജനകീയ സമരങ്ങൾക്കെതിരെയുള്ള പോലീസ് നടപടികൾ</u>

3409

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് വിവിധ ജനകീയ സമരങ്ങൾക്കെതിരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജുകൾ, ജലപീരങ്കി പ്രയോഗം, ഗ്രനേഡ് പ്രയോഗം, വെടിവെയ്പ്, കണ്ണീർവാതക പ്രയോഗം ഇവ സംബന്ധിച്ച കണക്കുകൾ വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പുതിയ ആരാധനാലയങ്ങള്‍ സ്ഥാപിക്കുന്നതിന് അനുമതി</u>

3410 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ ആരാധനാലയങ്ങള്‍ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ആരാധനാലയങ്ങള്‍ സ്ഥാപിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്ന കാര്യം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ ടി ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം</u>

3411 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍
,, കെ. കെ.ജയചന്ദ്രന്‍
,, സി. കൃഷ്ണന്‍
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനങ്ങളുടെ ജീവനും സ്വത്തും മൗലികാവകാശങ്ങളും സംരക്ഷിക്കേണ്ടുന്ന കടമയില്‍ നിന്നും സര്‍ക്കാര്‍ അകന്നു പോകുന്നതായിട്ടുള്ള ആക്ഷേപങ്ങളും അതു മൂലമുള്ള ജനങ്ങളുടെ അരക്ഷിതാവസ്ഥയും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ക്രൈം റെക്കോര്‍ഡ്സ് ബ്യൂറോയുടെ ഒടുവിലത്തെ കണക്കുകളുടെ വെളിച്ചത്തില്‍ വര്‍ഗീയ സ്വഭാവമുള്ള കേസുകള്‍, സ്ത്രീ-ശിശു പീഡന കേസുകള്‍ തുടങ്ങിയവ നാള്‍ക്കുനാള്‍ പെരുകിക്കൊണ്ടിരിക്കുന്നതിനെ കുറിച്ച് വിലയിരുത്തുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>തണ്ടർ ബോൾട്ട്സ് പദ്ധതി</u>

3412 ശ്രീ. ജോസഫ് വാഴക്കൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'തണ്ടർബോൾട്ട്സ്' എന്ന സുരക്ഷാ വിഭാഗം ആരംഭിക്കുന്നതിന് കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) വ്യക്തികളുടെ സുരക്ഷയ്ക്കും തീവ്രവാദി ആക്രമണങ്ങൾക്കുമെതിരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ വിഭാഗം നടത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കൊലപാതകങ്ങൾ</u>

3413 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട പുരുഷന്മാർ എത്ര; സ്ത്രീകൾ എത്ര; കുട്ടികൾ എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>ഹോംഗാർഡുകളുടെ പ്രവർത്തനം</u>

3414 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ ഇപ്പോൾ എത്ര ഹോംഗാർഡുകൾ ജോലി ചെയ്യുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ;

(ബി) ജില്ലയും സ്റ്റേഷനും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഹോം ഗാർഡുകൾക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ പ്രതിദിനം എത്ര രൂപയാണ് നൽകുന്നത്; അവരുടെ ഡ്യൂട്ടി സമയം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഹോംഗാർഡുകളുടെ ദിവസശമ്പളം സിവിൽ പോലീസ് ആഫീസറുടെ ശമ്പളത്തേക്കാൾ എത്ര കുറവാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഹോം ഗാർഡുകളുടെ പ്രവർത്തനം വിലയിരുത്താനും അവരുടെ വേതനം വർദ്ധിപ്പിക്കുവാനും നടപടിയെടുക്കുമോ;

(എഫ്) ഹോം ഗാർഡുകളുടെ നിയമന യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളുടെ സുരക്ഷ</u>

3415 ശ്രീ.ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ട്രിപ്പുകൾ നടത്തുന്ന ഓരോ ഇനം വാഹനങ്ങളിലും കയറ്റേണ്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച് പോലീസിന്റെയും വാദ്യാഭ്യാസ ഡയറക്ടറുടെയും നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ള വനമേഖലകൾ</u>

3416 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലകളിലെ വനമേഖലയിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതുമായി ബന്ധപ്പെട്ട തിരച്ചിലിൽ പോലീസ് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെ ; അവരുടെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വനമേഖല മാവോയിസ്റ്റുകൾ താവളമാക്കുന്നത്</u>
<u>തടയാൻ നടപടി</u>

3417 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖല മാവോയിസ്റ്റുകളുടെ കേന്ദ്രമായി മാറുന്നതായി ഏതെങ്കിലും ഏജൻസികളിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) സമീപ കാലത്ത് സംസ്ഥാനത്തെ വനമേഖലയിൽ നിന്ന് മാവോയിസ്റ്റുകളുടേതെന്ന് കരുതുന്ന ആയുധശേഖരമോ ലഘുലേഖകളോ പിടിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) വനമേഖല മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പോലീസ് സംരക്ഷണം നൽകുന്നതിനുള്ള മാനദണ്ഡം</u>

3418 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സംരക്ഷണം നൽകുന്ന വ്യക്തികളുടെ പേരുവിവര പട്ടിക ലഭ്യമാക്കുമോ;

(ബി) പോലീസ് സംരക്ഷണം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; അതിനായി എന്തു തുക ചെലവിടുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണം നൽകുന്നവരുടെ പട്ടിക വെളിപ്പെടുത്തുമോ;

(ഡി) പോലീസ് സംരക്ഷണത്തിനായി പണം അടച്ച് സംരക്ഷണത്തിൽ കഴിയുന്നവരുടെ പട്ടിക ലഭ്യമാക്കുമോ;

(ഇ) 2013–ൽ പുതിയതായി ആർക്കൊക്കെ സംരക്ഷണം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പോലീസ് സംരക്ഷണം പിൻവലിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന ഉത്തരവുകൾ ലഭ്യമാക്കുമോ;

(ജി) പോലീസ് സംരക്ഷണം പിൻവലിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ</u>

3419 ശ്രീ. കെ. സുരേഷ് കുറുപ്പ്
'' എം. ഹംസ
'' സി. കൃഷ്ണൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഇതു സംബന്ധമായ കണക്കുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബലാത്സംഗം, വശീകരിച്ച് തട്ടിക്കൊണ്ടുപോകൽ, ലൈംഗികമായി പീഡിപ്പിക്കൽ എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചികൊണ്ടിരിക്കുന്നതിനിടയായ സാഹചര്യവും വിലയിരുത്തുകയുണ്ടായയോ; വിശദമാക്കാമോ; ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയാത്ത സാഹചര്യം പോലീസ് സേനയ്ക്കുണ്ടോ;

(ഡി) കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>നഗരങ്ങളിൽ കമ്മീഷണറേറ്റ് സംവിധാനം</u>

3420 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' വർക്കല കഹാർ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലനത്തിനും കുറ്റകൃത്യങ്ങൾ കുറയ്ക്കാനും എന്തെല്ലാം കാര്യങ്ങളാണ് നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

### പോപ്പുലർ ഫ്രണ്ടിന്റെ റാലി

3421 ശ്രീ. എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, കെ. കെ. ജയചന്ദ്രൻ
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മെയ് 30ന് തിരുവനന്തപുരത്ത് പോപ്പുലർ ഫ്രണ്ട് എന്ന സംഘടനയുടെ നേതൃത്വത്തിൽ നടന്ന റാലിയിൽ പങ്കെടുത്തവർ എ.കെ.ജി.സെന്ററിന് മുന്നിൽ സംഘടിച്ച് എ.കെ.ജി.സെന്റർ ഉപരോധിക്കുന്ന നിലയിൽ മണിക്കൂറുകളോളം സംഘർഷത്തിന് ശ്രമം നടത്തിയതിനെതിരെ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ പ്രവർത്തിച്ചവർക്കെതിരെ എ.കെ.ജി. സെന്ററിൽ നിന്ന് വിവരം അറിയിച്ചതിനെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടി എന്തായിരുന്നു; സംഘർഷത്തിന് നേതൃത്വം കൊടുത്ത ആരെയെല്ലാം അറസ്റ്റ് ചെയ്യുകയുണ്ടായി; ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി;

(സി) സംഘർഷം സൃഷ്ടിക്കാൻ ഗൂഢാലോചന നടത്തിയവർക്കെതിരെ കേസെടുത്തിട്ടുണ്ടോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

യു.എ.പി.എ. പ്രകാരം അറസ്റ്റിലായവർ

3422 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.എ.പി.എ. പ്രകാരം ഏതെല്ലാം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആർക്കൊക്കെ എതിരെ; എന്നാണ് രജിസ്റ്റർ ചെയ്തത്; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പേരിൽ ആരെല്ലാം അറസ്റ്റിലായിട്ടുണ്ട് എന്നും അവർക്ക് എന്നാണ് ജാമ്യം ലഭിച്ചത് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

നാറാത്ത് ആയുധ പരിശീലന കേസ്

3423 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാറാത്ത് ആയുധ പരിശീലനവുമായി ബന്ധപ്പെട്ട അന്വേഷണത്തിലെ പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിട്ടുള്ളത്?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് കോഴ</u>

3424 ശ്രീ. എം. ചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. ഡി. ദേവസ്സി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുളള പ്രവേശന പരീക്ഷയ്ക്ക് മുമ്പ്, പ്രവേശനം ഉറപ്പിക്കാൻ മുൻകൂർ കോഴപ്പണം വാങ്ങുകയും, ചോദ്യപേപ്പർ ചോർത്തി, പരീക്ഷാപരിശീലനം നൽകുകയും ചെയ്തതിനെ സംബന്ധിച്ച് ഉയർന്നുവന്ന പരാതികൾ ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തു തുടർ അന്വേഷണം നടത്തിയിട്ടുണ്ടോ; കോഴപ്പണം വാങ്ങിയ ഏതെല്ലാം മാനേജ്മെന്റുകൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്കുകൾ</u>

3425 ശ്രീ. സി. പി. മുഹമ്മദ്
'' കെ. ശിവദാസൻ നായർ
'' എ. റ്റി. ജോർജ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളുടെ പരാതികൾ കേൾക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി പോലീസ് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി ഏതെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ജനമൈത്രി പോലീസ് പദ്ധതി

3426 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് നിലവിൽ ചെയ്യുന്ന സേവനങ്ങൾ എന്തെല്ലാമാണ്; ഈ പദ്ധതി ആരംഭിക്കുന്ന കാലയളവിൽ ചെയ്തിരുന്നതിനേക്കാൾ കൂടുതലായ എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയത്;

(ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ കീഴിൽ കുടുംബവഴക്കുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ക്രമീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് മാതൃകയിൽ പ്രാദേശിക തലത്തിൽ ജീവൻ രക്ഷാ സേന</u>

3427 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് സമ്പ്രദായം നിലവിൽ എത്ര സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്റ്റുഡന്റ്സ് പോലീസ് മാതൃകയിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറുള്ള യുവാക്കളെ ചേർത്ത് പ്രാദേശിക തലത്തിൽ ഒരു ജീവൻ രക്ഷാ സേന രൂപീകരിക്കുവാനും ഇവരുടെ സേവനം അപകടങ്ങൾ ഉണ്ടാകുമ്പോഴും മറ്റ് അടിയന്തിര ഘട്ടങ്ങളിലും വിനിയോഗിക്കുവാനും പദ്ധതി തയ്യാറാക്കുമോ;

(സി) ഈ സേനയിലെ അംഗങ്ങൾക്ക് പോലീസ്, ഫയർ & റെസ്ക്യൂ വിഭാഗങ്ങളുടെ കീഴിൽ പ്രത്യേക പരിശീലനം നൽകുവാനും സർട്ടിഫിക്കറ്റ് നൽകുവാനും നടപടി സ്വീകരിക്കുമോ; ഇത്തരം സർട്ടിഫിക്കറ്റ് ലഭിക്കുന്നവർക്ക് സേനാ സ്വഭാവമുള്ള ജോലികളിൽ മുൻഗണന നൽകുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി</u>

3428 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി പാലക്കാട് ജില്ലയിലെ എത്ര കോളേജുകളിലും സ്കൂളുകളിലുമാണ് നിലവിലുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലവിലില്ലാത്ത വിദ്യാലയങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയാണ് പാലക്കാട് ജില്ലയിൽ ഇതിനായി ചെലവഴിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്കായി ജില്ലയിൽ അധിക തസ്തിക എന്തെങ്കിലും അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

സ്കൂളുകളിൽ "കുട്ടിപ്പരാതിപ്പെട്ടി"

3429

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിൽ "കുട്ടിപ്പരാതിപ്പെട്ടി" സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്ര സ്കൂളുകളിൽ "കുട്ടിപ്പരാതിപ്പെട്ടി" സ്ഥാപിച്ചു; അവശേഷിക്കുന്ന എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിലും ഇത്തരം പരാതിപ്പെട്ടികൾ സ്ഥാപിക്കാൻ ആഭ്യന്തര വകുപ്പ് അതാത് പോലീസ് സ്റ്റേഷനുകളിൽ കർശന നിർദ്ദേശം നൽകുമോ; വിശദമാക്കുമോ;

(സി) "കുട്ടിപ്പരാതിപ്പെട്ടി"യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യാതിരിക്കാനും, സുതാര്യമാക്കുവാനും ഇതിന്റെ പരിശോധനയും, പരാതി സ്വീകരിക്കലും എപ്രകാരം നിർവ്വഹിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി വഴി ലഭിക്കുന്ന പരാതികൾ അതാതു ദിവസം തന്നെ സ്റ്റേഷൻ രജിസ്റ്ററുകളിൽ രേഖപ്പെടുത്താനും, ഒരാഴ്ചയ്ക്കുള്ളിൽ സ്വീകരിച്ച നടപടി ഡി.ജി.പി.യെ അറിയിക്കാനും തുടർനടപടികൾ ഡി.ജി.പി. സ്വന്തം നിയന്ത്രണത്തിലാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ഇന്റർനെറ്റ് ദുരുപയോഗം

3430

ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തുള്ള ഒരു വ്യക്തിയെക്കുറിച്ച് അപകീർത്തികരമായ ചിത്രങ്ങളും പരാമർശങ്ങളും ഇന്റർനെറ്റ് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടാൽ പരാതിയുടെ അടിസ്ഥാനത്തിൽ ആയവ നീക്കം ചെയ്യാൻ വെബ് സൈറ്റിന്റെ ഉടമസ്ഥരോട് ആവശ്യപ്പെടുന്നതിന് കേരള പോലീസിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ശ്രീമതി കെ. കെ. ലതിക എം. എൽ.എ ഇക്കാര്യത്തിൽ സമർപ്പിച്ച പരാതിയിൽ ഏത് വെബ് സൈറ്റ് ഉടമസ്ഥരോടാണ് സർക്കാർ ആവശ്യമുന്നയിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ വെബ് സൈറ്റ് ഉടമസ്ഥർക്ക് സർക്കാർ നൽകിയ കത്തിന്റെ പകർപ്പും അവർ നൽകിയ മറുപടിയുടെ പകർപ്പും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സംവിധാനങ്ങൾ</u>

3431 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്കിടയിൽപോലും മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായ ഈ ഘട്ടത്തിൽ സൈബർ തട്ടിപ്പുകളിൽ അവർ ഇരയാകാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുന്നതിലും, കുറ്റവാളികളെ കണ്ടെത്തുന്നതിലും, സൈബർ തെളിവുകൾ വിലപ്പെട്ടതാവുന്ന സാഹചര്യത്തിൽ, ഈ മേഖലയിലെ ആധുനിക സങ്കേതങ്ങളും, ഉപകരണങ്ങളും ഉപയോഗപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

എൻ. ഒ. സി. നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ വിവരം

3432 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോൺഗ്രസ്സ്, മുസ്ലീം ലീഗ്, കേരള കോൺഗ്രസ്സ് പ്രവർത്തകർ ഉൾപ്പെട്ട എത്ര ക്രിമിനൽ കേസ്സുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിൻവലിക്കാൻ എൻ. ഒ. സി. നൽകിയിട്ടുള്ളത്;

(ബി) ഇതിൽ കോൺഗ്രസ്സ് ഗ്രൂപ്പു വഴക്കിന്റെ പേരിൽ രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ രാഷ്ട്രീയ കാരണങ്ങളല്ലാതെയുള്ള എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി നാശം വരുത്തിയവര്‍ക്കെതിരെ കേസ്</u>

3433 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതി നാശത്തിന് കാരണമായിട്ടുള്ള പ്രവൃത്തികള്‍ ചെയ്തവര്‍ക്കെതിരെ സംസ്ഥാനത്ത് എവിടെയെങ്കിലും കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണെന്നും, കുറ്റാരോപിതര്‍ ആരൊക്കെയാണെന്നും. ചെയ്ത കുറ്റമെന്തെന്നും, ചുമത്തിയ വകുപ്പുകള്‍,നിയമം എന്നിവയും ഉള്‍ക്കൊള്ളിച്ച ഒരു ലിസ്റ്റ് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മാലിന്യം നിക്ഷേപിച്ചവർക്കെതിരെ കേസ്</u>

3434 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങൾ പൊതുസ്ഥലത്ത് നിക്ഷേപിച്ചവർക്കെതിരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പൊതുസ്ഥലങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ മാലിന്യനിക്ഷേപം നടത്തുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ പോലീസിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജ പ്ലാന്റ് തട്ടിപ്പ് കേസ്</u>

3435 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സൗരോര്‍ജ്ജ പ്ലാന്റ് തട്ടിപ്പ് കേസില്‍ പ്രതിയായ സരിത എസ്. നായരെ സംരക്ഷിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസും പി. എ. ടെന്നി ജോപ്പനും വഴിവിട്ട് ഇടപെട്ടതായി ആക്ഷേപം ഉയര്‍ന്നുവന്നത് സംബന്ധിച്ച് അന്വേഷണത്തിന് നടപടികള്‍ സ്വീകരിക്കുമോ;

(ബി) സരിത എസ്. നായര്‍ പ്രതിയായി എത്ര തട്ടിപ്പ് കേസുകള്‍ സംസ്ഥാനത്ത് രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്;

(സി) ഇവരുടെ സൗരോര്‍ജ്ജ പ്ലാന്റ് പദ്ധതി സംസ്ഥാന സര്‍ക്കാര്‍ എമര്‍ജിംഗ് കേരള പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടായിരുന്നുവോ;

(ഡി) ഈ സംഭവത്തെക്കുറിച്ച് ജുഡീഷ്യല്‍ അന്വേഷണത്തിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മൊബൈൽ ഫോൺ വഴിയുള്ള സമ്മാന തട്ടിപ്പ്</u>

3436 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ വഴിയുള്ള സമ്മാനതട്ടിപ്പുകൾ സംസ്ഥാനത്ത് വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തട്ടിപ്പുകേന്ദ്രങ്ങളെപ്പറ്റി പോലീസ് അന്വേഷിച്ചിട്ടുണ്ടോ;

(സി) സൈബർ നിയമങ്ങൾ കർശനമാക്കി ഇത്തരക്കാരെ കണ്ടെത്തി കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പാൻമസാലകൾ അതിർത്തി കടത്തികൊണ്ടുവരുന്നത് തടയാൻ നടപടി</u>

3437 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി അതിർത്തി കടത്തി പാൻമസാലകൾ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ സംസ്ഥാന പോലീസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കേസുകളിൽ നിലവിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പാൻമസാല വില്പനയ്ക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ</u>

3438

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻമസാല വില്പന നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; പാൻമസാല വില്പന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ എത്ര കേസുകൾ സംസ്ഥാനത്ത് 2013 മെയ് 31 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) നിയമലംഘനം നടത്തുന്ന വില്പനക്കാർക്കെതിരെ ഏത് വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ബൈക്കിലെത്തി ആഭരണങ്ങൾ കവർച്ച ചെയ്ത കേസ്സുകൾ</u>

3439 ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ സംസ്ഥാനത്ത് വഴിയിലൂടെ പോകുമ്പോൾ ബൈക്കിലെത്തി ആഭരണങ്ങൾ കവർച്ച ചെയ്ത എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ കവർന്ന എത്ര ആഭരണങ്ങൾ ഇനിയും കണ്ടെത്താനുണ്ടെന്നും എത്ര പ്രതികളെ പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മോഷണം, പിടിച്ചുപറി, മാലപൊട്ടിക്കൽ എന്നീ കേസുകളുടെ എണ്ണം</u>

3440 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കായംകുളം പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പരിധിയിൽ മോഷണം, പിടിച്ചുപറി, മാലപൊട്ടിക്കൽ എന്നീ കേസുകൾ എത്ര വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്താകെ റിപ്പോർട്ട് ചെയ്തിട്ടുള്ള മേൽകുറ്റകൃത്യങ്ങളുടെ എണ്ണം ഇനം തിരിച്ചു ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിൽ നിയമവിരുദ്ധപ്രവർത്തനങ്ങൾ</u>

3441 ശ്രീ.എ. പ്രദീപ്കുമാർ
''ബാബു. എം. പാലിശ്ശേരി
'' വി. ചെന്താമരാക്ഷൻ
'' കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിയമവിരുദ്ധപ്രവർത്തനങ്ങൾ വ്യാപിച്ചിരിക്കുന്നതും, ഉന്നത പോലീസ് ഉദ്യോഗസ്ഥർ സേനയിലുള്ളവരെ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥാപിത താൽപര്യങ്ങൾക്ക് പോലീസ് സേനയെ ഉപയോഗിക്കുന്നു എന്ന ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് സേനയെ പിന്തിരിപ്പാൻ നടപടി സ്വീകരിക്കാമോ;

(സി) ഉയർന്ന ഉദ്യോഗസ്ഥരുടെ സ്വകാര്യ ആവശ്യങ്ങൾക്ക് യൂണിഫോം അണിഞ്ഞ പോലീസുകാർ അനുഗമിക്കുന്നതും വീട്ടുജോലികൾക്ക് നിയോഗിക്കപ്പെടുന്നതും നിയന്ത്രിക്കാൻ നടപടികൈക്കൊള്ളുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥർ</u>

3442 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നടത്തിയതിന് എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത്; റാങ്ക് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ബലാൽസംഗകുറ്റങ്ങളിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്ത്രീകൾക്കെതിരായിട്ടുള്ള കുറ്റകൃത്യങ്ങളിൽ കേസ് എടുത്തിട്ടുള്ള എത്ര പോലീസ് ഉദ്യോഗസ്ഥരെയാണ് സേനയിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളത് ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ബൈക്കിലെത്തി സ്ത്രീകളുടെയും കുട്ടികളുടെയും സ്വർണ്ണാഭരണങ്ങൾ കവരുന്ന സംഭവങ്ങൾ</u>

3443 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ബൈക്കിലെത്തി സ്ത്രീകളുടെയും കുട്ടികളുടെയും സ്വർണ്ണാഭരണങ്ങൾ കവരുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസ്സുകളിൽ എത്ര പേർ പിടിക്കപ്പെട്ടിട്ടുണ്ടെന്നും, എത്ര കേസുകളിൽ പ്രതികളെ കിട്ടാത്തതായിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ഫോൺ ചോർത്തലിന് വ്യവസ്ഥ ചെയ്യുന്ന
നടപടിക്രമം

3444 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളാ പോലീസ് നടപടിക്രമങ്ങളിൽ ഫോൺ ചോർത്താൻ ഏതു തരത്തിലുള്ള നിർദ്ദേശമാണ് ലഭിക്കാറുള്ളത്; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**ഫോൺ ചോർത്തലുകൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ കർക്കശമാക്കാൻ നടപടി**

3445 ശ്രീ. ഇ. പി. ജയരാജൻ
,, റ്റി. വി. രാജേഷ്
,, കെ. ദാസൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗികവും അനൗദ്യോഗികവുമായ ഫോൺ ചോർത്തൽ സംബന്ധിച്ച ആവർത്തിച്ചുള്ള പരാതികൾ ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ഇത് സംബന്ധിച്ച നിയമവ്യവസ്ഥകൾ കർക്കശവും മൗലികാവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ളതുമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഫോൺ ചോർത്തലുകളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ ഏതൊക്കെയായിരുന്നു; സർക്കാർ അന്വേഷണത്തിനുത്തരവിട്ട ആക്ഷേപത്തിന്മേൽ ലഭിച്ച റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഫോൺ ചോർത്തൽ സംബന്ധിച്ച് അന്വേഷണം</u>

3446 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ-സാമുദായിക നേതാക്കളുടെ ടെലഫോൺ ചോർത്തി എന്ന പത്രവാർത്തയും, ആക്ഷേപങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം നേതാക്കന്മാരുടെ ഫോൺ ചോർത്തി എന്നാണ് ആക്ഷേപം ഉണ്ടായത്;

(സി) ആരെല്ലാമാണ് ഫോൺ ചോർത്തിയത്;

(ഡി) ഫോൺ ചോർത്തൽ സംബന്ധിച്ച് അന്വേഷണം നിലവിലുണ്ടോ; ആരെയാണ് അന്വേഷണത്തിന് ചുമതലപ്പെടുത്തിയത്;

(ഇ) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചുവോ; എങ്കിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട അന്വേഷണം</u>

3447

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയുടെ ഫോൺ കേരളാ പോലീസ് ചോർത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാർത്തയുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ഫോൺ ചോർത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട് എന്തെല്ലാം അന്വേഷണങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

3448 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയ കൊലപാതക കേസുകളുടെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര;

(ഡി) ഇതിൽ പ്രത്യേക അന്വേഷണസംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**തൃശ്ശൂർ അയ്യന്തോളിലെ കോൺഗ്രസ് പ്രവർത്തകന്റെ കൊലപാതകം**

3449

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് തെരഞ്ഞെടുപ്പിനെ ചൊല്ലിയുള്ള ഗ്രൂപ്പ് വഴക്കിനെത്തുടർന്ന് തൃശൂർ അയ്യന്തോളിൽ കൊല ചെയ്യപ്പെട്ടയാളുടെ പോസ്റ്റ്മോർട്ടം നടത്തിയ ആശുപത്രിയിൽ ആഭ്യന്തര വകുപ്പ് മന്ത്രി സന്ദർശനം നടത്തുകയുണ്ടായോ;

(ബി) സംഭവം സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; സംഭവത്തിന് പിന്നിൽ നടന്ന ഗൂഢാലോചന സംബന്ധിച്ച് പ്രത്യേക അന്വേഷണം ഉണ്ടോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>ഏറ്റവും ഒടുവിൽ നടന്ന രാഷ്ട്രീയ കൊലപാതകം</u>

3450

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ നടന്ന രാഷ്ട്രീയ കൊലപാതക സംഭവം ഏതാണെന്ന് വെളിപ്പെടുത്താമോ;

(ബി) മരണപ്പെട്ടയാൾ ഏത് രാഷ്ട്രീയ പാർട്ടി പ്രവർത്തകനായിരുന്നു; കൊലപാതകവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി;

(സി) അന്വേഷണ സംഘം നാളിതുവരെ എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നവർ ആരൊക്കെ;

(ഡി) കൊലപാതകവുമായി ബന്ധപ്പെട്ട ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; അതിന് പ്രത്യേക സംഘത്തെ ഏർപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കൊല്ലപ്പെട്ട രാഷ്ട്രീയ പ്രവർത്തകർ</u>

3451 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മെയ് 5 മുതൽ 2013 ഏപ്രിൽ 30 വരെ, സംസ്ഥാനത്ത് കൊല്ലപ്പെട്ട രാഷ്ട്രീയ പ്രവർത്തകർ എത്ര പേരാണ്;

(ബി) മേൽകാലയളവിൽ, എത്ര രാഷ്ട്രീയ പ്രവർത്തകർക്കാണ് ആക്രമണങ്ങളിൽ പരിക്കേറ്റത്;

(സി) 2012 മെയ് 18 മുതൽ 2013 ഏപ്രിൽ 30 വരെ സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ എണ്ണം എത്രയാണ്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യപ്രവര്‍ത്തകന്‍ ആന്‍സന്‍ ആന്റണി കൊല്ലപ്പെട്ട സംഭവം</u>

3452 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വെട്ടുതുറ കടപ്പുറത്ത് സാമൂഹ്യപ്രവര്‍ത്തകന്‍ ആന്‍സന്‍ ആന്റണി പോലീസ് സംഘം നോക്കിനില്‍ക്കെ കൊല്ലപ്പെട്ട സംഭവത്തില്‍ സംസ്ഥാന പോലീസിന്റെ അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഈ സംഭവത്തില്‍ എത്ര പ്രതികളാണുള്ളത്; ഇവരെ എല്ലാവരേയും പിടികൂടിയിട്ടുണ്ടോ;

(സി) ആക്രമണം നടക്കുമ്പോള്‍ ഇടപെടാതിരുന്ന പോലീസുകാര്‍ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>നാൽപ്പാടി വാസു വധക്കേസ്</u>

3453

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാൽപ്പാടി വാസു വധക്കേസിലും കണ്ണൂരിലെ സേവറി ഹോട്ടൽ ആക്രമണത്തിലും കെ. സുധാകരൻ എം.പി.യ്ക്ക് പങ്കുണ്ടെന്ന പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് രൂപീകരിച്ച അന്വേഷണ സംഘം, അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അന്വേഷണ സംഘം പ്രശാന്ത് ബാബുവിന്റെ മൊഴി രേഖപ്പെടുത്തിയിരുന്നോ;

(സി) മൊഴിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മൊഴി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ കൂട്ടായി സ്വദേശിയുടെ മരണം

3454 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടായി സ്വദേശി, പുത്തനത്താണി തവക്കൽ ഗോൾഡ് സൂക്കിൽ വാച്ച്മാനായി ജോലി നോക്കിവരവെ പത്ത് വർഷം മുമ്പ് സ്ഥാപനത്തിനടുത്തുള്ള ഒരു കിണറ്റിൽ മരണപ്പെട്ട നിലയിൽ കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൽപകഞ്ചേരി പോലീസ് അന്വേഷിച്ച് വരുന്ന ഈ കേസിന്റെ ഇപ്പോഴത്തെ നില എന്താണ്;

(സി) രാഷ്ട്രീയ സ്വാധീനമുള്ളവരുടെ ഇടപെടലിനെത്തുടർന്ന് കേസ് തുമ്പില്ലാതാവുകയാണെന്ന ആക്ഷേപം മുൻനിർത്തി ഈ കേസന്വേഷണം സി.ബി.ഐ.ക്ക് വിടാൻ ഗവൺമെന്റ് ശുപാർശ ചെയ്യുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അഖിലേഷിന്റെ മരണം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന ആവശ്യം</u>

3455 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കളർകോട് അഭിലാഷ് ഭവനിൽ അഖിലേഷിന്റെ മരണം ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ; അന്വേഷണം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ബി) അഖിലേഷിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുമെന്ന് അറിയിച്ചിരുന്നെങ്കിലും ഇതുവരെ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിലെ ആറാട്ടിനിടയിൽ ഒരാൾ മരിക്കാനിടയായ സംഭവം</u>

3456 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിൽ ആറാട്ട് എഴുന്നള്ളത്ത് നടക്കുന്ന സമയം, ആന വിരണ്ട് ബെന്നി എന്നയാൾ കൊല്ലപ്പെട്ട സംഭവമുണ്ടായത് എന്നാണ്;

(ബി) ഇതു സംബന്ധിച്ച് കൊട്ടാരക്കര പൊലീസ് എടുത്ത കേസിന്റെ നമ്പരും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണമായി പറഞ്ഞിട്ടുളളത് എന്തൊക്കെയാണ്; കോപ്പി ലഭ്യമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് ലോക്കൽ പോലീസ് കണ്ടെത്തി സമർപ്പിച്ച വിവരങ്ങൾ എന്തൊക്കെയാണ്;

(ഇ) അന്വേഷണം ഏതെങ്കിലും ഘട്ടത്തിൽ ലോക്കൽ പോലീസിൽ നിന്നും മാറ്റി ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; ക്രൈം ബ്രാഞ്ചിലെ ഏത് ഉദ്യോഗസ്ഥനാണ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയത്; ഇതു സംബന്ധിച്ച് നൽകിയ റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) സംഭവം സംബന്ധിച്ച് മരിച്ചയാളിന്റെ ബന്ധുക്കൾ മുഖ്യമന്ത്രി, ആഭ്യന്തര മന്ത്രി, പൊലീസ് ചീഫ്, കൊല്ലം പൊലീസ് സൂപ്രണ്ട് തുടങ്ങിയവർക്ക് ഏതൊക്കെ തീയതികളിലായാണ് പരാതി നൽകിയിട്ടുളളത്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ ഓരോന്നും വിശദമാക്കാമോ;

(ജി) ഇതു സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; 7 വർഷം കഴിഞ്ഞിട്ടും ഇതേവരെ ഈ കേസ് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം

വ്യക്തമാക്കാമോ;

(എച്ച്) മരണപ്പെട്ട ആളിന്റെ കുടുംബത്തെ സഹായിക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പന്നിയങ്കര പോലീസ് നടത്തിയ പരിശോധനക്കിടെ രണ്ട്പേർ മരണപ്പെടാനിടയായ സംഭവം</u>

3457 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പന്നിയങ്കര പോലീസ് നടത്തിയ പരിശോധനക്കിടെ മോട്ടോർ ബൈക്കിൽ സഞ്ചരിക്കുകയായിരുന്നരണ്ടുപേർ വാഹനത്തിനിടയിൽപെട്ട് മരണപ്പെടാനിടയായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം അന്വേഷിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണം പൂർത്തിയായോ;

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പാണത്തൂരിലെ പെയിന്റിംഗ് തൊഴിലാളി സെബാസ്റ്റ്യന്റെ മരണം</u>

3458 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മെയ് മാസത്തിൽ കാസർഗോഡ് ജില്ലയിൽ പാണത്തൂരിൽ പെയിന്റിംഗ് തൊഴിലാളി സെബാസ്റ്റ്യൻ കിണറ്റിൽ വീണ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിണറ്റിൽ വീഴാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(സി) കല്ല്യാണവീട്ടിൽ പോയി മടങ്ങിവരുമ്പോൾ പോലീസ് വിരട്ടിയോടിച്ച് കിണറ്റിൽ വീണ് മരിച്ച മേൽ സംഭവത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പാവപ്പെട്ട കുടുംബത്തിന്റെ ഏക ആശ്രയമായിരുന്ന പരേതന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണിക്കുമോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ബി. നിയാസിനെ പോലീസുകാർ മർദ്ദിച്ച സംഭവം

3459 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 18 ന് തിരുവനന്തപുരത്ത് നടന്ന എസ്.എഫ്.ഐ മാർച്ചിനിടെ എസ്.എഫ്.ഐ തിരുവനന്തപുരം ജില്ലാ സെക്രട്ടേറിയറ്റംഗം ബി. നിയാസിനെ പോലീസുകാർ വളഞ്ഞിട്ട് ഭീകരമായി മർദ്ദിച്ച സംഭവത്തിൽ അന്വേഷണത്തിന് ലോകായുക്ത ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ഉത്തരവിന്മേൽ അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; അന്വേഷണത്തിന് കാല പരിധി നിശ്ചയിച്ചിട്ടുണ്ടോ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദനമേറ്റ സംഭവങ്ങൾ

3460 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ/ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദനമേറ്റ എത്ര സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**24.06.2013–ലെ മറുപടിക്ക്**

<u>കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ ക്രിമിനൽ കേസ് പ്രതികൾ</u>

3461 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്നിൽ കൂടുതൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായ എത്ര പേരുണ്ടെന്നും അവർ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളിൽ ഉൾപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ ഏതു രാഷ്ട്രീയ പാർട്ടിയിൽ പെട്ടവർക്കെതിരെയാണ് കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ നിയമ പ്രകാരം നടപടി എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു രാഷ്ട്രീയ പാർട്ടിയിൽ മാത്രം പെട്ട പ്രതികൾക്കെതിരെ മേൽ നിയമ പ്രകാരം നടപടി എടുക്കുകയും മറ്റ് രാഷ്ട്രീയ കക്ഷികളിൽ പെട്ട പ്രതികളെ ഒഴിവാക്കുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**യൂത്ത് കോൺഗ്രസ്സ് സംഘടനാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന സംഘട്ടനങ്ങൾ**

3462 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂത്ത് കോൺഗ്രസ്സ് സംഘടനാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ;

(സി) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര കൊലപാതകങ്ങൾ ഉണ്ടായി; എവിടെയെല്ലാം; ആരൊക്കെയാണ് കൊലചെയ്യപ്പെട്ടത്; പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു; ഇപ്രകാരം ജയിലിലടക്കപ്പെട്ടവർ ആരൊക്കെ; വിശദമാക്കുമോ;

(ഡി) യൂത്ത് കോൺഗ്രസ്സ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിപിടി കേസ്സുകളും, കൊലപാതക കേസ്സുകളും പൊതുജനങ്ങളിൽ ഭീതി പരത്തുന്നതും, ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നതും ആണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം</u>

3463 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായ ബാലകൃഷ്ണന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം നൽകണമെന്ന കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കോടതി വിധിയിലെ പ്രധാന പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) കോടതി വിധി പ്രകാരമുള്ള തുക മാതാപിതാക്കൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തുക നൽകിയിട്ടില്ലെങ്കിൽ അത് നൽകാതിരിക്കുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ക്രിമിനൽ ഓഡിറ്റിംഗ്</u>

3464 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പോലീസ് വകുപ്പിൽ ക്രിമിനൽ ഓഡിറ്റിംഗ് നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ലയിൽ സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പട്ടിക ഇതിലൂടെ തയ്യാറാക്കിയിട്ടുണ്ടോ;

(സി) സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എത്ര കുറ്റവാളികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ തുടർനടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കലാഭവൻ മണി നൽകിയ പരാതി</u>

3465 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിൽ പിന്നോക്കക്കാരോടും കറുത്തവരോടുമുള്ള വിവേചനം നിലനിൽക്കുന്നതായി സംസ്ഥാന പോലീസ് സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാമർശത്തിനാധാരമായ ശ്രീ. കലാഭവൻ മണി ഉൾപ്പെട്ട കേസിൽ കലാഭവൻ മണി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ പട്ടികജാതിക്കാർക്കെതിരെയുള്ള കുറ്റകൃത്യത്തിന് കേസെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കേസിൽ ആരൊക്കെ പ്രതികളാണെന്നും ഏത് വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

അജ്ഞാത പരാതികളിന്മേലുള്ള അന്വേഷണം

3466 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അജ്ഞാത പരാതികൾ ഇനിമേൽ അന്വേഷിക്കാൻ പാടില്ലാ എന്നുള്ള 21.12.2012–ലെ ജി. ഒ. (പി) 59/2012/വിജി. ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണെന്നു വ്യക്തമാക്കുമോ ;

(ബി) ഈ ഉത്തരവുമൂലം നേരിട്ടു വിവരം അറിയിക്കാൻ കഴിയാത്ത സാഹചര്യം മറികടക്കാൻ സർക്കാർ എന്തു മാർഗ്ഗമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ധാരാളം അഴിമതികൾ വെളിച്ചത്തു കൊണ്ടുവരുന്നത് അജ്ഞാതപരാതികൾ വഴിയാണെന്നിരിക്കെ, ഉത്തരവ് റദ്ദാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കള്ളനോട്ടു കേസിൽ കാസർഗോഡ് ജില്ലയിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ</u>

3467 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ആഗസ്റ്റ് മാസത്തിൽ കള്ളനോട്ടുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്രപേരെയാണ് അറസ്റ്റ് ചെയ്തത്;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) ഈ കേസുകൾ ആരാണ് അന്വേഷിക്കുന്നത്;

(ഡി) കേസിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണക്കേസുകൾ**

3468 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ ഏതെല്ലാം പോലീസ്സ്റ്റേഷൻ പരിധിയിലാണ് എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എത്രയെണ്ണം തെളിയിക്കാനുണ്ട്;

(സി) ഏതെല്ലാം തരത്തിലുള്ള മോഷണങ്ങളാണ് ജില്ലയിൽ നടന്നിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

**കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 389/2011 നമ്പറിൽ ഫയൽ ചെയ്ത കേസ്**

3469 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 389/2011 നമ്പറിൽ ഫയൽ ചെയ്ത കേസിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ കേസിൽ എത്ര പ്രതികളുണ്ടെന്നും, അവരുടെ പേരു വിവരങ്ങളും വിശദമാക്കുമോ;

(സി) കേസന്വേഷണത്തിൽ കാലതാമസം വരുന്നുണ്ടെന്ന് കാണിച്ച് ആഭ്യന്തരമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ചുങ്കം പാലത്തിന്റെ നിർമ്മാണത്തിന് ഭൂമി വിട്ടുനൽകാൻ നടപടി</u>

3470 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുങ്കം പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ചുങ്കം പളളുതുരുത്തി പോലീസ് എയ്ഡ് പോസ്റ്റിൽ നിന്നും വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) അടിയന്തിരമായി സ്ഥലം വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ സ്പോർട്സ് ടീമുകൾ</u>

3471 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് പരിശീലന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിനിയോഗിച്ച് സ്പോർട്സ് സ്കൂൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പോലീസ് സേനയിലെ കായിക പ്രതിഭകളെ ഉൾപ്പെടുത്തി ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് തുടങ്ങിയ സ്പോർട്സ് ടീമുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ; ദേശീയ – അന്തർദേശീയ മത്സരങ്ങളിൽ ഈ ടീമുകൾ പങ്കെടുക്കാറുണ്ടോ ;

(സി) സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരങ്ങളിൽ കേരള പോലീസ് മത്സര രംഗത്ത് വരാറുണ്ടോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനം തടയല്‍ നിയമമനുസരിച്ച്
കോഴിക്കോട് ജില്ലയില്‍ സ്വീകരിച്ച നടപടികള്‍</u>

3472

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യവിരുദ്ധ പ്രവര്‍ത്തനം തടയല്‍ നിയമമനുസരിച്ച് കോഴിക്കോട് ജില്ലയില്‍ എത്ര പേരുടെ പേരില്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(ബി) നടപടി സ്വീകരിക്കപ്പെട്ടവരുടെ പേരുകള്‍ വെളിപ്പെടുത്താമോ;

(സി) ഈ നടപടിക്കെതിരെ എം. എല്‍.എ. മാര്‍ നിവേദനം നല്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കില്‍ പ്രസ്തുത നിവേദനത്തിന്മേല്‍ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പേരൂർക്കട മണ്ണാമ്മൂലയിലുള്ള തേജസ് എന്ന വീട്ടിൽ പ്രവർത്തിക്കുന്ന ആഭ്യന്തര വകുപ്പിന്റെ കാര്യാലയം</u>

3473

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പേരൂർക്കട മണ്ണാമ്മൂല ചൈതന്യാ റസിഡന്റ്സ് അസോസിയേഷൻ, ഹൗസ് നമ്പർ 71, തേജസ് എന്ന വീട്ടിൽ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും കാര്യാലയം പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വകുപ്പിലെ ഏത് വിഭാഗമാണ് ഇവിടെ പ്രവർത്തിക്കുന്നത്;

(ബി) ഈ കാര്യാലയത്തിന് സർക്കാർ ബോർഡ് വയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കെട്ടിടത്തിന്റെ ഉടമസ്ഥൻ ആരാണ്; എത്ര രൂപയാണ് ഇതിന് മാസവാടക ഇനത്തിൽ നല്കുന്നത്;

(ഡി) എന്തെല്ലാം ഉപകരണങ്ങളാണ് ഈ കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുളളത്;

(ഇ) പത്ര പരസ്യം നല്കിയിട്ടാണോ ഇത്തരമൊരു കെട്ടിടം വാടകയ്ക്ക് എടുത്തത്; ഇത് സംബന്ധിച്ച ചട്ടങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കൊട്ടിയം പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം</u>

3474 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടിയം പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിക്കുന്നതിന് നടപടി</u>

3475 ശ്രീ.സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി പോലീസ് സ്റ്റേഷൻ വിഭജിച്ച് കൊപ്പം ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കുമോ;

(ബി) പട്ടാമ്പി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ കസ്റ്റഡിയിലെടുത്ത് വർഷങ്ങളായി കൂട്ടിയിട്ടിട്ടുള്ള വാഹനങ്ങൾ സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്ത് സർക്കാരിന് മുതൽക്കൂട്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**വാഴൂരിലുള്ള 14-ാം മൈലിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ്**

3476 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂരിലൂള്ള 14-ാം മൈലിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂന്ന് പോലീസ് സ്റ്റേഷനുകളുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത സ്ഥലത്ത് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പറമ്പിക്കുളം പോലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ</u>

3477 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം പോലീസ് ക്വാർട്ടേഴ്സിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. യിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്റ്റിമേറ്റ് അടിയന്തിരമായി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ക്വാർട്ടേഴ്സുകൾ പുതുക്കി പണിയുന്നതിനുള്ള നടപടി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കാണാതായ യുവതിയെ കണ്ടെത്തുന്നതിന് നടപടി</u>

3478 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ കോട്ട ഷക്കീല എന്ന ഭർതൃമതിയായ സ്ത്രീയെ കാണാതായത് സംബന്ധിച്ച എഫ്.ഐ.ആർ. നമ്പർ 234/13 ആയി 23.5.2013 ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ കണ്ടെത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇവരെ ഒരു വ്യാജ ഡോക്ടർ തട്ടികൊണ്ടുപോയതാണ് എന്ന് പരാതിയുണ്ടോ;

(ഡി) മുമ്പും പല തട്ടിപ്പ് നടത്തി എന്ന് ആരോപണമുള്ള ഡോക്ടറെ സംബന്ധിച്ച് അന്വേഷണം നടത്തുവാനും യുവതിയെ കണ്ടെത്തുന്നതിനും പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട കേസ്

3479

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത കഥകളി നടൻ ശ്രീ. ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പരവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിന്മേൽ അന്വേഷണം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ നാളിതുവരെ സ്വീകരിച്ച അന്വേഷണ നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വനിതാ പോലീസിന്റെ പ്രവര്‍ത്തനം</u>

3480 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വനിതാ പോലീസിന്റെ പ്രവര്‍ത്തനം പോലീസ് സേനയ്ക്ക് അപമാനമുണ്ടാക്കുന്നുവെന്ന് കാണിച്ച് ഇന്റലിജന്‍സ് എ. ഡി. ജി. പി. ടി. പി. സെന്‍കുമാര്‍ സംസ്ഥാനത്തെ പോലീസ് മേധാവിയടക്കമുള്ളവര്‍ക്ക് കത്തയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ കത്തിന്റെ ഉള്ളടക്കം വ്യക്തമാക്കാമോ ;

(സി) ഈ വിഷയത്തില്‍ സര്‍ക്കാരിന്റെ സമീപനം വ്യക്തമാക്കാമോ ; ഇതിന്മേലുള്ള തുടര്‍നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെങ്കില്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ജില്ലാ പോലീസ് മേധാവിക്ക് പർച്ചേയ്സിനുള്ള പരിധി

3481 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ പർച്ചേയ്സ് റൂൾ അനുസരിച്ച് ജില്ലാ പോലീസ് മേധാവിക്ക് വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സ്പെയർ പാർട്സ് പർച്ചേസ് നടത്താൻ അധികാരമുണ്ട്;

(ബി) പ്രസ്തുത തുക വളരെ കുറഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീപ്പുകളുടെയും ബസ്സുകളുടെയും ടയർ പർച്ചേസ് നടത്തുമ്പോൾ ഒരു വണ്ടിയുടെ നാല് ടയറുകൾക്ക് നാല് പ്രോപ്പോസലുകൾ പി.എച്ച്.ക്യു. വിലേക്ക് അയക്കേണ്ടി വരുന്നതും, വാഹനങ്ങൾ റിപ്പയർ നടത്തിക്കിട്ടാൻ ഏറെ പ്രയാസപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജില്ലാ പോലീസ് മേധാവിക്ക് പർച്ചേയ്സ് നടത്താൻ അധികാരമുള്ള തുകയുടെ പരിധി കാലോചിതമായി പരിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കുഴൽപ്പണം പിടികൂടിയതുമായി ബന്ധപ്പെട്ട കേസ്സുകൾ</u>

3482 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് കുഴൽപ്പണം പിടികൂടിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ഉണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ പുതിയ വാഹനങ്ങൾ</u>

3483 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ പുതുതായി എത്ര വാഹനങ്ങളാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതൊക്കെ കമ്പനികളുടെ ഏതൊക്കെ തരം വാഹനങ്ങൾ എത്ര എണ്ണം വീതം എന്ന് വ്യക്തമാക്കുമോ;

(സി) ഓരോന്നിന്റേയും വില എത്രയാണ്;

(ഡി) വാഹനങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പോലീസ് വാഹനങ്ങൾക്ക് പ്രത്യേക നിറവും രൂപവും നൽകാൻ നടപടി</u>

3484

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ യൂണിഫോമിന്റെ നിറം മറ്റു വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്ക് ഒഴിവാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) പോലീസ് വാഹനങ്ങൾക്ക് പ്രത്യേക നിറവും രൂപവും നൽകി അവ മറ്റ് വാഹനങ്ങളിൽ നിന്നും വേഗം തിരിച്ചറിയുന്നതിനും ആ നിറവും രൂപവും മറ്റുള്ളവർ അനുകരിക്കുന്നത് തടയുന്നതിനും നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ട്രാഫിക് പോലീസ് സംവിധാനം ഫലപ്രദമാക്കാൻ നടപടി

3485 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗതാഗതക്കുരുക്ക് രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ട്രാഫിക് പോലീസ് സംവിധാനത്തെ കൂടുതൽ വിപുലപ്പെടുത്തുവാനും ഫലപ്രദമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ

3486 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളെ ആണ് കമ്മിറ്റിയുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ</u>

3487 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി ബോധവത്ക്കരണ പരിപാടികളും കർശന പരിശോധനയും നടത്തുന്നതിന് കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളെയും വകുപ്പുകളെയുമാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ റോഡപകടങ്ങൾ</u>

3488 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നാളിതു വരെ റോഡപകടങ്ങളിലും മറ്റ് അപകടങ്ങളിലുമായി എത്ര പേർ മരണപ്പെട്ടിട്ടുണ്ട് എന്നും മരണപ്പെട്ടത് ആരെല്ലാ മാണ് എന്നും എവിടെയെല്ലാം ഉള്ളവരാണ് എന്നും വിശദമായി വിലാസം സഹിതം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ഓട്ടോമാറ്റിക് ചെലാൻ ജനറേറ്റിംഗ് സംവിധാനം

3489 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് നിയമം ലംഘിക്കുന്നവരെ തത്സമയം തന്നെ കണ്ടെത്താനും പിഴയിടാനുമായി ഓട്ടോമാറ്റിക് ചെലാൻ ജനറേറ്റിംഗ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്</u>

3490 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള പോലീസ് സേനയ്ക്കായി എത്ര വാഹനങ്ങളാണ് വാങ്ങിയത്; ഇപ്പോൾ മൊത്തത്തിൽ സേനയ്ക്ക് എത്ര വാഹനങ്ങൾ ഉണ്ട്;

(ബി) ഇത്രയും വാഹനങ്ങൾക്ക് ആനുപാതികമായി പോലീസിന്റെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരും ഡ്രൈവർമാരും ഉണ്ടോ;

(സി) ഇല്ലെങ്കിൽ കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>പോലീസുദ്യോഗസ്ഥരുടെ പദവികൾ</u>

3491 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകൾ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സേനയിലെ പോലീസുദ്യോഗസ്ഥൻമാരുടെ പദവികൾ തരം തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ അംഗസംഖ്യ</u>

3492 ശ്രീ.കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള അനുപാതം കണക്കാക്കിയാൽ ഇനി എത്ര പേരെക്കൂടി നിയമിക്കേണ്ടി വരും;

(സി) നിലവിലെ ജനസംഖ്യാനുപാതവും പോലീസിലെ പുരുഷ വനിത അനുപാതവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം</u>

3493 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയിലെ ഐ. പി. എസ്. ഒഴികെയുള്ള വനിതാ പോലിസിന്റെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഇത് ആകെയുള്ള പോലീസ് സേനയുടെ എത്ര ശതമാനമാണ്;

(ബി) കേരള പോലീസിൽ പോലീസ് കോൺസ്റ്റബിളിന്റെ ആകെ എണ്ണം എത്ര; ഇതിൽ വനിതകളുടെ എണ്ണം എത്ര; പുരുഷൻമാരുടെ എണ്ണം എത്ര; ശതമാനക്കണക്ക് ഓരോന്നിന്റെയും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കൂടുതലായതിനാൽ പോലീസ് സേനയിലും വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ സ്ത്രീകൾക്കായി പ്രത്യേക റിക്രൂട്ട്മെന്റുകൾ നടത്താനും കേരളാ പോലീസിലെ വിവിധ തസ്തികകളിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വനിതാ പോലീസുകാരില്ലാത്ത പോലീസ് സ്റ്റേഷനുകൾ</u>

3494 ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വനിതാ പോലീസുകാരില്ലാത്ത പോലീസ് സ്റ്റേഷനുകളുണ്ടോ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എത്ര സ്റ്റേഷനുകൾ; അവ ഏതെല്ലാം; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ പോലീസ് സേനയിലെ ഡ്രൈവർമാരുടെ തസ്തികകൾ</u>

3495 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പോലീസ് സേനയിൽ ഡ്രൈവറുടെ സേവനം ആവശ്യമുള്ള എത്ര വാഹനങ്ങളാണുള്ളത്;

(ബി) ഇതിലേക്ക് ആകെ എത്ര ഡ്രൈവർമാരാണ് നിലവിലുള്ളത്;

(സി) 2002ന് ശേഷം പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) 2002ന് ശേഷം പുതുതായി വാഹനങ്ങൾ മലപ്പുറം ജില്ലയിൽ പോലീസ് സേനയിലേക്ക് ലഭിച്ചിട്ടുണ്ടോ;

(ഇ) ഒരു വാഹനത്തിന് ഒരു ഡ്രൈവർ എന്ന നിലക്ക് ഡ്രൈവർമാരെ ലഭ്യമാണോ; ഇല്ല എങ്കിൽ എത്ര കുറവുണ്ട്;

(എഫ്) ഹൈവേ പെട്രോളിംഗ്, പുതിയ പോലീസ് സ്റ്റേഷനുകൾ, ഫ്ളയിംഗ് സ്ക്വാഡ്, കൺട്രോൾ റൂമുകൾ, വനിത കൺട്രോൾ റൂം, ട്രാഫിക് കൺട്രോൾ എന്നീ വിഭാഗങ്ങളിലേക്ക് എത്ര ഡ്രൈവർമാർ ജില്ലയിൽ ആവശ്യമുണ്ട്;

(ജി) മേൽപറഞ്ഞ വിഭാഗങ്ങളിലേക്ക് എത്ര പേർ നിലവിലുണ്ട്; വിശദമാക്കാമോ;

(എച്ച്) ഡ്രൈവർമാരുടെ കുറവുണ്ടെങ്കിൽ അത് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

കേരളാ പോലീസിലെ ആർമറർ വിഭാഗം

3496 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ ആർമറർ വിഭാഗത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിന്റെ ചുമതലയ്ക്കായി എസ്.പി.യെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആർമറർ വിഭാഗത്തിന്റെ ചുമതലയ്ക്കായി ഒരു എസ്.പി.യെ നിയമിക്കുമോ;

(സി) വർഷംതോറും ആയുധ സംഭരണത്തിന്റെ തോത് വർദ്ധിപ്പിയ്ക്കുന്നതനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>കേരള പോലീസ് അസോസിയേഷന്‍ മലപ്പുറം ജില്ലാ സമ്മേളന റിപ്പോര്‍ട്ട്</u>

3497 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള പോലീസ് അസോസിയേഷന്‍ മലപ്പുറം ജില്ലാ സമ്മേളന റിപ്പോര്‍ട്ടില്‍ ''പോലീസ് സേനയിലെ ചിലര്‍ തങ്ങള്‍ക്ക് സ്വീകാര്യരല്ലെന്നും ഇത്തരക്കാരെ തിരഞ്ഞു പിടിച്ച് തല്ലിക്കൊന്ന് കെട്ടിത്തൂക്കണമെന്നും'' ഉള്ള ഭാഗം ഉള്‍പ്പെട്ടിരുന്നതായും, ഇത് അവതരിപ്പിച്ചതായും ഉള്ള ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പോലീസ് സേനയുടെ ഒരുമയും ഐക്യവും രാഷ്ട്രീയ പ്രേരിതമായി തകര്‍ക്കാന്‍ ശ്രമിച്ചിട്ടുണ്ടെങ്കില്‍ അവര്‍ക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലാ എങ്കില്‍ നടപടി സ്വീകരിക്കുമോ;

(സി) അസോസിയേഷനിലെ രാഷ്ട്രീയവല്‍ക്കരണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

## സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഡേ ഓഫ് അലവൻസ്

3498

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഡേ ഓഫ് അലവൻസ് എന്നു മുതലാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിച്ചിട്ടുള്ള ഡേ ഓഫ് അലവൻസ് മുടക്കം കൂടാതെ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നുണ്ടോ;

(സി) ഏതു മാസം വരെ മുടക്കം കൂടാതെ പ്രസ്തുത അലവൻസ് നൽകി എന്നും മുടക്കം വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) ഡേ ഓഫ് അലവൻസിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ഫണ്ട് ലഭ്യമാകാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഇ) ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഡേ ഓഫ് പോലുള്ള അലവൻസുകൾ മുടക്കം കൂടാതെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ടി.പി. ചന്ദ്രശേഖരന്‍ വധക്കേസിലെ അന്വേഷണ സംഘത്തില്‍പ്പെട്ട ഡി.വൈ.എസ്.പി. മാര്‍</u>

3499 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടി.പി. ചന്ദ്രശേഖരന്‍ വധക്കേസിന്റെ അന്വേഷണ സംഘത്തില്‍ ഉള്‍പ്പെട്ട ഡി.വൈ.എസ്.പി. മാര്‍ ആരെല്ലാമാണ്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരില്‍ ആര്‍ക്കെങ്കിലുമെതിരെ അവരുടെ സര്‍വ്വീസ് കാലയളവില്‍ അച്ചടക്ക നടപടി ഉണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ അവര്‍ ചെയ്ത കുറ്റം, അവര്‍ക്കെതിരെ ചുമത്തിയ ശിക്ഷ എന്നിവ എന്തായിരുന്നു;

(ഡി) ഓരോ കേഡറുകളില്‍ ജോലി ചെയ്യുമ്പോഴും അവര്‍ ഏതൊക്കെ സ്ഥലങ്ങളിലാണ് സേവനമനുഷ്ഠിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>എ.ആര്‍.ക്യാമ്പുകളിലെ തസ്തികകള്‍</u>

3500 ശ്രീ.രാജു. എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍, തൃശ്ശൂര്‍, എറണാകുളം റേഞ്ചുകളുടെ കീഴിലെ പോലീസ് എ.ആര്‍ ക്യാമ്പുകളില്‍ നിലവിലെ റിസര്‍വ്വ് ഇന്‍സ്പെക്ടര്‍, റിസര്‍വ്വ് സബ് ഇന്‍സ്പെക്ടര്‍, റിസര്‍വ്വ് എ.എസ്.ഐ എന്നീ തസ്തികകളില്‍ ഉള്ള ഒഴിവുകളുടെ എണ്ണം, തസ്തിക, റേഞ്ച് എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളില്‍ ഒഴിഞ്ഞുകിടക്കുന്നവ എന്ന് മുതലാണെന്ന് തസ്തിക തിരിച്ചു വ്യക്തമാക്കാമോ;

(സി) ഇവയില്‍ പ്രമോഷന്‍ നല്‍കി നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികള്‍ എന്തൊക്കെ; റേഞ്ച് തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പോലീസ് ക്യാമ്പ് ഫോളോവേഴ്സിന് സ്പെഷ്യൽ റൂൾസ്</u>

3501 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ക്യാമ്പ് ഫോളോവേഴ്സിനായി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ; അതിനായി എന്തു നടപടികളാണിതുവരെ സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് ക്യാന്റീൻ ആനുകൂല്യങ്ങൾ ക്യാമ്പ് ഫോളോവേഴ്സിനു ലഭ്യമാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെയാണവ എന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴയിൽ പുതിയ ഫയർ സ്റ്റേഷൻ</u>

3502 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാദേശിക ആവശ്യകത പരിഗണിച്ച് അമ്പലപ്പുഴ കേന്ദ്രമാക്കി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പരവൂരിൽ പ്രവർത്തിക്കുന്ന ഫയർസ്റ്റേഷന് കെട്ടിടം</u>

3503 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന് സ്വന്തമായി ഭൂമിയും, കെട്ടിടവും ഇല്ലായെന്നും, പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും ഭൂമി ലഭ്യമാക്കുവാൻ പ്രാഥമിക പരിശോധനയും, റിപ്പോർട്ടുകളും ലഭിച്ച് 2 വർഷം പിന്നിട്ടിട്ടും യാതൊരു നടപടികളും സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി ലഭ്യമാക്കുവാനുള്ള തുടർ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിലുള്ള കുറ്റകരമായ കാലതാമസം ഒഴിവാക്കാൻ നടപടിയെടുക്കുമോ; ഈ കാര്യത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര അഗ്നിശമന രക്ഷാ കേന്ദ്രത്തിൽ ആധുനിക ഉപകരണം വാങ്ങാൻ നടപടി</u>

3504 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര അഗ്നിശമന രക്ഷാകേന്ദ്രം പ്രവർത്തനം ആരംഭിച്ചത് എന്നു മുതലാണ്;

(ബി) പ്രസ്തുത കേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ ആധുനിക ഉപകരണങ്ങളും എമർജൻസി ടെണ്ടർ വാഹനം, റിക്കവറി വാഹനം എന്നിവയും അനുവദിക്കുന്നതിനായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കേന്ദ്രം പ്രവർത്തനം തുടങ്ങിയശേഷം ഏതെല്ലാം ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കി എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വിജിലൻസ് കേസ്സുകളുടെ എണ്ണം</u>

3505 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വിജിലൻസ് കേസ്സുകൾ അവസാനിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിക്കും മന്ത്രിസഭാംഗങ്ങൾക്കും എതിരെയുള്ള വിജിലൻസ് കേസുകൾ</u>

3506 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയും, സംസ്ഥാന മന്ത്രിസഭാംഗങ്ങളും പ്രതികളായ എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ടെന്നും; എത്ര കേസുകൾ പിൻവലിച്ചെന്നും വിശദമാക്കാമോ;

(ബി) ഇതിൽ നിലവിലുള്ള വിജിലൻസ് കേസുകളുടെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിലെ ക്രമക്കേടുകൾ

3507 ശ്രീ. കെ. രാധാകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, കെ. വി. വിജയദാസ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളിൽ കോഴവാങ്ങി നിയമനങ്ങൾ നടന്നു വരുന്നത് സംബന്ധിച്ച് പുറത്തുവന്ന ആക്ഷേപങ്ങളെകുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ബോർഡുകൾ നിലവിൽ വന്നതിനു ശേഷം നടന്നുവരുന്ന നിയമനങ്ങൾ സംബന്ധിച്ച് പുറത്തുവന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടെങ്കിൽ ഇതിനകം കണ്ടെത്തിയ ക്രമക്കേടുകൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

സര്‍ക്കാര്‍ ഉദ്യോഗസ്ഥര്‍ക്കെതിരെയുള്ള പരാതികള്‍ക്ക് അടിയന്തിര നടപടി സ്വീകരിക്കാന്‍ പദ്ധതി

3508 ശ്രീ.തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി
,, എം. എ. വാഹിദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഉദ്യോഗസ്ഥര്‍ക്കെതിരെ അഴിമതി നിരോധന വകുപ്പിന് ലഭിക്കുന്ന പരാതികളില്‍ തല്‍സമയം നടപടി സ്വീകരിക്കുന്നതിന് ഫ്ളയിങ്ങ് സ്ക്വാഡിനെ നിയോഗിക്കാന്‍ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) ഏതെല്ലാം വകുപ്പുകളുമായാണ് ഇക്കാര്യത്തില്‍ സഹകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ജയിൽ ഉപദേശക സമിതികൾ

3509 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജയിൽ ഉപദേശക സമിതികളാണുള്ളത് ;അവ ഏതെല്ലാം ; വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായ എത്ര ജയിൽ ഉപദേശക സമിതികളുണ്ട് ; അവ ഏതൊക്കെ ; വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള സമിതികളിലോരോന്നിലേയും അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ജയിൽ പരിഷ്ക്കരണം</u>

3510 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ജയിൽ പരിഷ്ക്കരണം നടപ്പിലാക്കിയത് എന്നാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരിഷ്ക്കരണത്തിലെ വ്യവസ്ഥകളെ സംബന്ധിച്ച് വിശദാംശം നൽകുമോ;

(സി) 2006 മുതൽ ഓരോ വർഷവും എത്ര രൂപയാണ് ജയിൽ ചെലവുകൾക്കായി മാറ്റി വച്ചിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ജയിലുകളിൽ ടെലിമെഡിസിൻ സംവിധാനം

3511 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ടെലിമെഡിസിൻ സംവിധാനം എന്നുമുതലാണ് നിലവിൽവന്നത്;

(ബി) ഇത് സംസ്ഥാനത്തെ എത്ര ജയിലുകളിൽ നടപ്പിലാക്കി; എവിടെയെല്ലാം;

(സി) പ്രസ്തുത സംവിധാനം ഇനി ഏതെല്ലാം ജയിലുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം വഴി എത്ര തടവുകാർക്ക് പ്രയോജനം ലഭിച്ചു; ഇപ്പോൾ എത്ര തടവുകാർക്ക് ചികിൽസാ സഹായം നൽകിവരുന്നു; വിശദമാക്കുമോ;

(ഇ) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ചികിൽസകളാണ് തടവുകാർക്ക് ലഭ്യമാക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരും ഡോക്ടർമാരും ആരെല്ലാം;

(ജി) ഈ സംവിധാനം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കും; വിശദമാക്കുമോ;

(എച്ച്) 2012-13 സാമ്പത്തിക വർഷം ഇതിലേയ്ക്കായി എന്തു തുക മാറ്റി വെച്ചു; ആയതിൽ എത്ര ചെലവഴിച്ചു; 2013-14 ൽ എന്തു തുക മാറ്റിവെച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പുതിയ ജയിലുകള്‍ സ്ഥാപിക്കുന്നതിന് നടപടി</u>

3512 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ ജയിലുകള്‍ സ്ഥാപിക്കുവാനും നിലവിലുള്ള ജയിലുകളുടെ ശേഷി വര്‍ദ്ധിപ്പിക്കാനും കര്‍മ്മ പരിപാടികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഇതിനുള്ള ചെലവ് എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ജയിലുകളിലെ സുരക്ഷാ നടപടികൾ</u>

3513 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ജയിലുകളിൽ എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തു തുക ചെലവായി; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ സി. സി. ടി. വി. സ്ഥാപിച്ചിട്ടുണ്ട്; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് ആരെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി. സി. ടി. വി. സ്ഥാപിച്ചിട്ടുള്ള ഓരോ ജയിലുകളിലും എത്ര ദിവസം ഇവ പ്രവർത്തനക്ഷമമായിരുന്നു; എത്ര ദിവസം പ്രവർത്തനക്ഷമമല്ലായിരുന്നു; ഏതെല്ലാം ദിവസങ്ങളിൽ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ജയിലുകളിൽ നിന്നും ഈ സർക്കാർ വന്ന ശേഷം എത്ര പേർ ജയിൽ ചാടി; ഏതെല്ലാം ജയിലുകളിൽ നിന്നും; ആരെല്ലാം; അവരുടെ പേരിലുണ്ടായിരുന്ന കേസുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ജയിൽ ചാടിയ പ്രതികളിൽ എത്ര പേരെ പിടികൂടിയിട്ടുണ്ട്; ഇവർ എന്നാണ് ജയിൽ ചാടിയത്; എന്നാണ് പിടികൂടിയത്; ഇനി എത്ര പേരെ പിടികൂടാനുണ്ട്; അവർ എന്നാണ് ജയിൽ ചാടിയത്; ഏതു ജയിലിൽ നിന്ന്; വിശദാംശം വ്യക്തമാക്കുമോ;

(ജി) ജയിൽ ചാടുന്നതിന് ഏതെങ്കിലും ജയിലുദ്യോഗസ്ഥർ കൂട്ടു നിന്നിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

(എച്ച്) ജയിൽ ചാടിയവരിൽ എത്ര പേർ ഇതിനു മുൻപും ജയിൽ ചാടിയിട്ടുണ്ട്; ഏതു ജയിലിൽ നിന്ന്; വിശദാംശം വ്യക്തമാക്കുമോ;

(ഐ) ജയിൽ ചാട്ടവുമായി ബന്ധപ്പെട്ട് എത്ര ജയിൽ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്തു നടപടികൾ; വിശദാംശം ലഭ്യമാക്കുമോ;

(ജെ) ജയിൽ ചാട്ടം തടയുവാൻ ഈ സർക്കാർ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ജയിലുകളിലെ സുരക്ഷ</u>

3514 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകളിൽ നിലവിൽ എത്ര തടവുകാരുണ്ട്; ഇവരിൽ സ്ത്രീ/പുരുഷ തടവുകാരുടെ എണ്ണം വെവ്വേറെ അറിയിക്കുമോ;

(ബി) ജയിൽ സുരക്ഷയ്ക്കുവേണ്ടി അകെ എത്ര ജീവനക്കാരെ സംസ്ഥാനത്ത് നിയോഗിച്ചിട്ടുണ്ട് എന്ന് തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിവരം നൽകുമോ;

(ഡി) സംസ്ഥാനത്തെ ജയിലുകളിൽ സുരക്ഷാഭീഷണി നിലവിലുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി നാളിതുവരെ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു എന്നറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>തടവുചാടല്‍ സംഭവങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ നടപടി</u>

T-3515 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര തടവുചാടല്‍ സംഭവങ്ങള്‍ ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള സംഭവങ്ങള്‍ വിശദമാക്കാമോ;

(ബി) ഇതില്‍ എത്ര തടവുകാരെ പിടികൂടാന്‍ കഴിഞ്ഞിട്ടുണ്ട് എന്നും എത്ര പേരെ ഇനിയും പിടിക്കാനുണ്ട് എന്നും ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ എന്തെല്ലാമെന്നും അറിയിക്കാമോ;

(സി) ഇത്തരം സംഭവങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ ജയില്‍ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കില്‍, വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ജയിൽ ചാടിയ തടവുകാരുടെ എണ്ണം</u>

3516 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തടവുകാർ വിവിധ ജയിലുകളിൽ നിന്നും ജയിൽ ചാടിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര കുറ്റവാളികളെ കണ്ടെത്തി തിരികെ ജയിലിലടയ്ക്കാൻ കഴിഞ്ഞു;

(സി) ജയിലുകളിൽ സംസ്ഥാനത്താകെ എത്ര തസ്തികകളിൽ ഒഴിവുകളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ജയിൽ ചാടിയ തടവുകാർ

3517 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തടവുപുള്ളികൾ ജയിൽ ചാടിയിട്ടുണ്ട്; തടവ് ചാടിയത് ആരെല്ലാം എന്നും ഏതെല്ലാം ജയിലുകളിൽ നിന്ന് എന്നും വ്യക്തമാക്കാമോ;

(ബി) പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും തടവ് ചാടിയ റിപ്പർ ജയാനന്ദനെ പിടികൂടുന്നതിൽ പോലീസ് സംവിധാനം പരാജയപ്പെട്ടിരിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാറിന് വീഴ്ച വന്നിട്ടുണ്ട് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ജയിൽ വകുപ്പിന് കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിക്കാൻ അനുമതി</u>

T-3518 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിനു കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിക്കാൻ എത്ര അപേക്ഷകളിൽ അനുമതി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൂജപ്പുര ജയിലിൽ നിന്ന് കഴിഞ്ഞ വർഷം എത്ര മരങ്ങൾ മുറിക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവയിൽ എത്ര മരങ്ങൾ മുറിക്കാൻ അനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പൂജപ്പുര ജയിലിൽ നിന്ന് മുറിച്ച്മാറ്റാൻ അനുമതി ലഭിച്ച മരങ്ങൾ ഏതെല്ലാം ഇനത്തിലുളളവയാണെന്നും ഇവ മുറിക്കാനുളള കാരണങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>നെട്ടുകാൽത്തേരി തുറന്ന ജയിൽ</u>

3519

ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട് - നെട്ടുകാൽത്തേരി തുറന്ന ജയിലിന് പ്രാരംഭഘട്ടത്തിൽ എത്ര ഏക്കർ സ്ഥലം ഉണ്ടായിരുന്നു;

(ബി) ഇതിൽ കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന് എത്ര ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്;

(സി) ജയിലിന്റെ വികസന പ്രവർത്തനങ്ങൾക്കും കൃഷിയ്ക്കും ഉപയോഗിച്ചതിനു ശേഷം അവശേഷിക്കുന്ന എത്ര ഏക്കർ ഭൂമി മറ്റ് വികസനങ്ങൾക്ക് നൽകാൻ സാധിക്കും; വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വൈത്തിരി സബ് ജയിൽ സ്പെഷ്യൽ സബ് ജയിലായി ഉയർത്തുന്നതിന് നടപടി</u>

3520 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി സബ് ജയിൽ സ്പെഷ്യൽ സബ് ജയിലായി ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ജയിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

### ഇടമലയാർ കോടതി

T-3521 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ കോടതി സ്ഥാപിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കോടതിയിൽ ഇടമലയാറുമായി ബന്ധപ്പെട്ട എത്ര എഫ്.ഐ.ആറുകൾ സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതിൽ എത്രയെണ്ണത്തിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്;

(ഡി) എത്ര എണ്ണത്തിൽ വിചാരണ പൂർത്തിയായിട്ടുണ്ട്;

(ഇ) ബാക്കിയുള്ള കേസുകളിൽ ചാർജ്ജ്ഷീറ്റ് സമർപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഈ കോടതി ഇതേ പേരിൽ തുടരുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ ?